**പതിമൂന്നാം കേരള നിയമസഭ**
**<u>പതിനാറാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 560**

**09.02.2016 - ൽ മറുപടിക്ക്.**

## വൻകിട വ്യവസായ പദ്ധതികൾക്കായി കൈമാറിയ ഭൂമി

<u>ചോദ്യം</u>
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. സാജു പോൾ
ശ്രീ. ആർ. രാജേഷ്.

**<u>മറുപടി</u>**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) വൻകിട വ്യവസായ പദ്ധതികൾക്കായി സംസ്ഥാനം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ ഭൂമിയുടെ അവസ്ഥ പരിശോധിക്കാറുണ്ടോ ; വിശദമാക്കാമോ ;

(എ) : കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ പാലക്കാട് BEML-ന് റോളിങ് സ്റ്റോക്ക് ഉത്പന്ന നിർമാണത്തിനും പ്രതിരോധ ഉത്പാദന കോംപ്ലക്സ് ആരംഭിക്കുന്നതിനും 374.59 ഏക്കർ ഭൂമിയും കാസർഗോഡ് സീതാംഗോലി HAL-ന് തന്ത്രപ്രധാനമായ ഇലക്ട്രോണിക്സ് ഉത്പാദന ഫാക്ടറിക്കു വേണ്ടി 200 ഏക്കർ ഭൂമിയും കണ്ണൂർ ഇരിണാവിൽ Indian Coast Guard-ന് അക്കാഡമി സ്ഥാപിക്കുന്നതിന് വേണ്ടി 164.22 ഏക്കർ ഭൂമിയും പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ഇവയിൽ BEML, HAL എന്നിവയുടെ ഒന്നാംഘട്ട പ്രവർത്തനം പൂർണതോതിൽ ആരംഭിച്ചിട്ടുണ്ട്. Indian Coast Guard പാട്ടക്കരാറിൽ ഏർപ്പെടുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല.

(ബി) വൻകിട വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രഖ്യാപനങ്ങൾ നടത്തി ഓരോ പദ്ധതിക്കും ആവശ്യമായതെന്ന പേരിൽ നൽകിയ ഭൂമി അതേതരത്തിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾക്ക് ഭൂമി നൽകുമ്പോൾ എന്തെങ്കിലും തരത്തിലുള്ള ധാരണാപത്രങ്ങൾ ഒപ്പ് വയ്ക്കാറുണ്ടോ ;

(ബി) & : (സി) വൻകിട പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുമ്പോൾ കരാർ പ്രകാരമുള്ള ഭൂമി വിനിയോഗം ഉറപ്പാക്കാറുണ്ട്.

(ഡി) എങ്കിൽ ഭൂമി നൽകുമ്പോൾ ഉണ്ടാകുന്ന ധാരണയ്ക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ ?

(ഡി) : മുകളിൽ സൂചിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ BEML 174 ഏക്കർ ഭൂമിയും HAL 25 ഏക്കർ ഭൂമിയും വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ അവരുടെ പദ്ധതികൾ ഘട്ടംഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. പാട്ടക്കരാറിൽ ഭൂമിയുടെ വിനിയോഗത്തെക്കുറിച്ച് വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.